# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1544

15/02/2016-ൽ മറുപടിയ്ക്ക്.

## മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | മറുപടി<br>ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| എ) മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) മാമം നാളികേര കോംപ്ലക്സിന്റെ പൂർണ്ണ ചുമതല നൽകി ഒരു ജനറൽ മാനേജരെ നിയമിച്ചിട്ടുണ്ട്. മാമം നാളികേര കോംപ്ലക്സിൽ വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) ഇത് സംബന്ധിച്ച് 20.01.2016-ൽ കൃഷി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) യോഗ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) തീരുമാനങ്ങളിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | സി) വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റിന്റെ നിർമ്മാണ കമ്പനിയായ മോസൻസിന്റെ തൊഴിലാളികളെ ഉപയോഗപ്പെടുത്തി 6 മാസത്തേക്ക് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പം തന്നെ കേരളാ സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ നിയമിക്കുന്ന ജീവനക്കാർക്ക് പരിശീലനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം വെർജിൻ കോക്കനട്ട് ഓയിൽ ആഭ്യന്തര വിപണിയിലും വിദേശത്തും വിപണനം നടത്തുന്നതിന്റെ സാദ്ധ്യതാ പഠനവും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| ഡി) | മാമം നാളികേര കോംപ്ലക്സിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ? | ഡി) | നിലവിൽ മൂന്നു ജീവനക്കാരുണ്ട്. ഇതു കൂടാതെ രണ്ടു സെക്യൂരിറ്റി ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>1) ജനറൽ മാനേജർ<br>2) ലേബർ ഓഫീസർ (കരാറടിസ്ഥാനത്തിൽ)<br>3) ഡ്രൈവർ/പ്യൂൺ (കരാറടിസ്ഥാനത്തിൽ)<br>4) സെക്യൂരിറ്റി ജീവനക്കാർ (ഏജൻസി മുഖാന്തിരം) |

**സെക്ഷൻ ഓഫീസർ**

## കേരള സംസ്ഥാന നാളികേരവികസന കോർപ്പറേഷന്റെ ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് 20/01/2016-ൽ ബഹു.കൃഷി വകുപ്പുമന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് വിപുലീകരണം സംബന്ധിച്ച് 07/10/2015-ൽ ചേർന്ന യോഗതീരുമാനങ്ങൾ യോഗം ചർച്ചചെയ്യുകയും, വിശദമായ ചർച്ചയ്ക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

### യോഗ തീരുമാനങ്ങൾ

(1) കേരഫെഡിലെ ഡിസ്ട്രക്ട് മാനേജരും, നാളികേര വികസന കോർപ്പറേഷനിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജനറൽ മാനേജർ-ഇൻ-ചാർജ്ജ് ആയി സേവനമനുഷ്ഠിക്കുന്നയാളുമായ ശ്രീ.വി. സത്യരാജന് ആറ്റിങ്ങൽ മാമം പ്ലാന്റിന്റെ പൂർണ്ണചുമതല ഉടനടി നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(2) മാമത്ത് നാളികേര കോംപ്ലക്സ് പ്രവർത്തിക്കുന്നതിന് ആവശ്യമായ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതായ ലൈസൻസുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി ജനറൽ മാനേജർ സ്വീകരിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച പുരോഗതി റിപ്പോർട്ട് 28.01.2016-ൽ സമർപ്പിക്കണം.

(3) പ്ലാന്റിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി ചുവടെപറയുന്ന മാതൃകയിൽ ഒരു അഡ്വൈസറി കമ്മറ്റി രൂപീകരിക്കണം.

1) ശ്രീ. ബി. സത്യൻ, എം.എൽ.എ, ആറ്റിങ്ങൽ - ചെയർമാൻ
2) ആറ്റിങ്ങൽ മുൻസിപ്പൽ ചെയർമാൻ - അംഗം
3) നാളികേര വികസന കോർപ്പറേഷൻ ചെയർമാൻ - അംഗം
4) മാനേജിംഗ് ഡയറക്ടർ, നാളികേര വികസന കോർപ്പറേഷൻ - അംഗം.
5) ജനറൽ മാനേജർ, ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്-അംഗം

(4) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിനോടനുബന്ധിച്ച് ഒരു അഗ്രിമാൾ ആരംഭിക്കുന്നതിനായുള്ള പദ്ധതി റിപ്പോർട്ട് നാളികേര വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിയ്ക്കണം.

(യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി കാണാവുന്നതാണ്)

## യോഗത്തിൽ പങ്കെടുക്കുന്നവർ

| ക്രമനം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. ബി. സത്യൻ | എം.എൽ.എ, ആറ്റിങ്ങൽ |
| 2 | ശ്രീ. സബാഹ് പുൽപ്പറ്റ | ചെയർമാൻ, KSCDC |
| 3 | ശ്രീ. എം. പ്രദീപ് | മുനസിപ്പൽ ചെയർമാൻ |
| 4 | ശ്രീ. ആർ. അജിത് കുമാർ | കൃഷി ഡയറക്ടർ |
| 5 | ശ്രീ. അശോക് കുമാർ തെക്കൻ | മാനേജിംഗ് ഡയറക്ടർ,<br>കെ.എസ്.സി.ഡി.സി |
| 6 | അഡ്വ. വി.എസ്. സന്തോഷ് | ജനതാദൾ, ജില്ലാ സെക്രട്ടറി |
| 7 | ശ്രീ. വി. സത്യരാജൻ | ജനറൽ മാനേജർ (I/C)<br>കെ.എസ്.സി.ഡി.സി |

Section Officer